അപ്പോൾ ഈ ക്യാമറകൾ പോലീസ് സ്റ്റേഷനിലേയ്ക്ക് ഹാൻഡ് ഓവർ ചെയ്യാനും അതിന്റെയടിസ്ഥാനത്തിൽ പരിപാലിക്കപ്പെടുന്നതിനും വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കാൻ കഴിയുമോയെന്നുള്ളതാണ്. ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ട്രീറ്റ് ലൈറ്റുകൾ ചെയ്യുന്നതുപോലെ ഇതിന്റെ മെയിന്റനൻസും വൈദ്യുതി ചാർജ്ജും അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചാൽ ഇവ ദീർഘകാലം നിലനിൽക്കുകയും സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും സാധിക്കും. ഇതിൽ അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇക്കാര്യത്തിൽ മാതൃകാപരമായ ഇടപെടലാണ് ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് പൊതുനിരത്തുകളിൽ ട്രാഫിക് നിരീക്ഷണത്തിനായി സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പരിപാലനവും വൈദ്യുതി ചാർജ് അടയ്ക്കേണ്ടതും അതാത് ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലാണ്. വ്യാപാര സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുനൽകുന്നയിടങ്ങളിൽ തുടർപരിപാലനം അവർ തന്നെയാണ് നിർവ്വഹിച്ചുവരുന്നത്. തിരുവനന്തപുരം റൂറൽ പോലീസ്, ജില്ലയിൽ 38 പോലീസ് സ്റ്റേഷൻ പരിധികളിലായി 1080 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ കടയ്ക്കാവൂർ, വട്ടപ്പാറ, കഠിനംകുളം, പൊന്മുടി പോലീസ് സ്റ്റേഷൻ പരിധികളിൽ സ്ഥാപിച്ചിട്ടുള്ള 50 ക്യാമറകളുടെ വൈദ്യുതിബിൽ പോലീസ് ഡിപ്പാർട്ട്മെന്റും 140 ക്യാമറകളുടെ വൈദ്യുതിബിൽ അതാത് ഗ്രാമപഞ്ചായത്തുകളും ബാക്കിയുള്ള 890 ക്യാമറകളുടെ വൈദ്യുതിബിൽ വ്യാപാരികളും ജനകീയസമിതികളും ചേർന്ന് അടയ്ക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് എങ്ങനെ പരിഹാരം കാണാമെന്ന് പരിശോധിക്കാം.

### (3) <u>സെനറ്റ് തെരഞ്ഞെടുപ്പിലെ സംഘർഷം</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഈ മാസം അഞ്ചാം തീയതി കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന വിദ്യാർത്ഥി സംഘർഷത്തോടനുബന്ധിച്ച് പുറത്തുനിന്നുള്ള ആളുകളുടെ ഇടപെടൽ മൂലമുണ്ടായ ഭീകരാന്തരീക്ഷത്തെ സംബന്ധിച്ചാണ് ഈ സബ്മിഷൻ.

വിദ്യാർത്ഥികളുടെ പ്രതിനിധികളെ സെനറ്റിലേയ്ക്ക് തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങളിൽ തർക്കമുണ്ടായപ്പോൾ വിദ്യാർത്ഥികൾ വഴക്കിന് ഒരുമ്പെട്ടു. എന്നാൽ പുറത്തുനിന്നുള്ള സായുധരായ ആളുകൾ ഇടപെട്ടപ്പോൾ അവിടെ സംഘർഷഭൂമിയായി മാറി. ഇന്ത്യയിലെ ഏറ്റവും തലയെടുപ്പുള്ള, ഗവേഷണത്തിനും ഉപരിപഠനത്തിനുമുള്ള ഒരു ക്യാമ്പസ് യൂണിവേഴ്സിറ്റിയായ കൊച്ചിൻ യൂണിവേഴ്സിറ്റി ഇങ്ങനെയൊരു സംഘർഷഭൂമിയായി മാറുന്നത് വളരെ ദുഃഖകരമാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഘടനയോടും പ്രത്യേകം താല്പര്യം കാണിക്കാതെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ പോലീസിന് നിർദ്ദേശം കൊടുക്കണം. മാത്രമല്ല, അവിടത്തെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്താനുള്ള നിർദ്ദേശവും യൂണിവേഴ്സിറ്റിക്ക് കൊടുക്കണം. ഈ സംഭവം വളരെ തൃപ്തികരമായ രീതിയിൽ അന്വേഷിച്ച് കുറ്റക്കാരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടന്ന വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 5-2-2019-ന് വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടായി. മലബാറീസ് ഗ്രൂപ്പ് എന്നറിയപ്പെടുന്നതും പ്രമുഖ വിദ്യാർത്ഥി യൂണിയനെ പിന്തുണയ്ക്കുന്നതുമായ അറുപതോളം വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയുടെ വക സഹാറ ഹോസ്റ്റലിന് സമീപം ബിയർ കുപ്പികൾ, സോഡാകുപ്പികൾ, കമ്പിവടികൾ എന്നിവ ശേഖരിച്ച് സംഘം ചേരുന്നതറിഞ്ഞ് മറ്റു വിഭാഗത്തിൽപ്പെട്ട ഇരുപതോളം വിദ്യാർത്ഥികൾ അവിടെയെത്തുകയും ഇരുകൂട്ടരും തമ്മിൽ സംഘർഷമുണ്ടാവുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ അവിടെയെത്തുകയും എട്ടുപേരെ സ്ഥലത്തുനിന്ന് നീക്കം ചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൈം. 223/2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. മലബാറീസ് ഗ്രൂപ്പിൽപ്പെട്ട 60-ഓളം വിദ്യാർത്ഥികൾ സായുധരായി നിൽക്കുന്നതുകണ്ട് പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടിട്ടും അനുസരിക്കാതെ ഹോസ്റ്റലിന്റെ മുകളിൽ കയറി കയ്യിൽ കരുതിയിരുന്ന ബിയർ കുപ്പികളും സോഡാ കുപ്പികളും വലിച്ചെറിയുകയും ചെയ്തതിനാൽ 43 പേരെ നിയമപ്രകാരം അറസ്റ്റ് ചെയ്ത് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈംനമ്പർ 224/19 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു. തുടർസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ജാഗ്രതയോടുള്ള ഇടപെടലുകൾ നടത്താൻ പോലീസിന് നിർദ്ദേശം നൽകുകയും അക്കാര്യം യൂണിവേഴ്സിറ്റി അധികൃതരോട് പറഞ്ഞിട്ടുമുണ്ട്

## (4) താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടും ആവശ്യമായ ജീവനക്കാരും സൗകര്യങ്ങളും സംവിധാനങ്ങളും ഇപ്പോഴും അവിടെ ലഭ്യമായിട്ടില്ല. കാലിക്കട്ട് എയർപോർട്ടിന്റെ ഫസ്റ്റ് റഫറൽ ആശുപത്രിയാണിത്. ഇപ്പോഴും സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ മാത്രമാണുള്ളത്. താലൂക്കാശുപത്രി ആകുമ്പോൾ 36 ഡോക്ടർമാർ ആവശ്യമുള്ളിടത്ത് 10 ഡോക്ടർമാരും 32 പാരാമെഡിക്കൽ സ്റ്റാഫ് ആവശ്യമുള്ളിടത്ത് 4 പേരും 55 നഴ്സിംഗ് ജീവനക്കാർ വേണ്ടിടത്ത് 9 പേരും 12 ഓഫീസ് സ്റ്റാഫ് ആവശ്യമുള്ളിടത്ത് 5 പേരും മാത്രമാണുള്ളത്. കൊണ്ടോട്ടി ബ്ലോക്കിന് കീഴിൽ മറ്റൊരിടത്തും ഒരു സി.എച്ച്.സി. പോലുമില്ല. മൂന്നുലക്ഷം ജനങ്ങൾ താമസിക്കുന്ന താലൂക്ക് പരിധിയിലെ